CS (Main) Exam:2015

# MALAYALAM

## Paper–I

## (Literature)

CS (Main) Exam:2015

*Time Allowed : Three Hours*

*Maximum Marks : 250*

**QUESTION PAPER SPECIFIC INSTRUCTIONS**

**Please read each of the following instructions carefully before attempting questions :**

There are **EIGHT** questions divided in **Two Sections.**

Candidate has to attempt **FIVE** questions in all.

Question Nos. **1** and **5** are compulsory and out of the remaining, **THREE** are to be attempted choosing at least **ONE** from each Section.

The number of marks carried by a question/part is indicated against it.

Answers must be written in **MALAYALAM.**

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the answer book must be clearly struck off.

---

munotes.in

## SECTION – A

**Q.1. ഓരോ ചോദ്യത്തിനും 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :—** **10×5=50**

Q.1(a) മലയാള ഭാഷയുടെ ഉത്പത്തിയെക്കുറിച്ചുള്ള ഉള്ളൂരിന്റെ അഭിപ്രായം എന്ത്? ചർച്ച ചെയ്യുക. 10

Q.1(b) മാപ്പിളപ്പാട്ടുകളുടെ ഭാഷയിൽ പ്രാദേശിക സ്വാധീനം ഏറിയിരിക്കുന്നു - ശരിയോ ? 10

Q.1(c) ശാസ്ത്ര സാങ്കേതിക പദാവലി ഉൾക്കൊള്ളാൻ മലയാള ഭാഷ സജ്ജമല്ല - ഈ വാദത്തെ വിമർശനപരമായി പരിശോധിക്കുക. 10

Q.1(d) ഭക്തിയുടെയും തത്ത്വചിന്തയുടെയും ആവിഷ്ക്കരണത്തിൽ പൂന്താനത്തിന്റെയും എഴുത്തച്ഛന്റെയും കവിതകളുടെ ഭാഷാപരമായ വ്യത്യാസം വ്യക്തമാക്കുക. 10

Q.1(e) മലയാള ഗദ്യത്തിൽ 'മിഷനറി ഗദ്യം' എന്നൊരു വിഭാഗകല്പനയുടെ ആവശ്യമുണ്ടോ ? 10

Q.2(a) ഭാഷോത്പത്തി ചർച്ചയിൽ 'സംസ്കൃതജന്യ വാദക്കാർ' ഉന്നയിക്കുന്ന പ്രധാന വാദമുഖങ്ങൾ എന്തെല്ലാം ? 12½

Q.2(b) പാട്ടിന്റെ ലക്ഷണത്തിന് ക്രമികമായുണ്ടായ പരിണാമങ്ങൾക്ക് നിദർശനമാണ് 'കർണ്ണശ്ശ രാമായണം' - നിരൂപിക്കുക. 12½

Q.2(c) വടക്കൻ പാട്ടുകളിലെയും തെക്കൻ പാട്ടുകളിലെയും ഭാഷകൾക്കു തമ്മിലുള്ള വ്യത്യാസം എടുത്തുകാട്ടുക. 12½

Q.2(d) ആധുനിക മലയാള ഭാഷയിൽ നവമാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം ആശാവഹമാണോ ? 12½

Q.3(a) മലയാളം തമിഴിൽനിന്നും ഉണ്ടായതാണെന്നതിന്റെ തെളിവുകളായി കണക്കാക്കുവാൻ കേരള പാണിനിയുടെ ആറു നയങ്ങൾ പര്യാപ്തമാണോ ? 12½

Q.3(b) പ്രാചീന മണിപ്രവാള കൃതികളിലെ ഭാഷാപരമായ സവിശേഷതകൾ വിശദമാക്കുക. 12½

Q.3(c) തുഞ്ചൻ കൃതികളിൽനിന്ന് കുഞ്ചൻ കൃതികളിലേക്ക് എത്തുമ്പോൾ മലയാള കാവ്യഭാഷയിൽ സംഭവിച്ച പ്രധാന പരിവർത്തനങ്ങൾ എന്തെല്ലാം ? 12½

Q.3(d) മധ്യകാല മലയാള ഭാഷയിലുണ്ടായ സംസ്കൃത വ്യാപനമാണ് ആധുനിക മലയാളത്തിന് രൂപം കൊടുത്തതെന്നുള്ള അഭിപ്രായം പരിശോധിക്കുക. 12½

Q.4(a) രാമചരിതത്തിന്റെ ഭാഷയെക്കുറിച്ചുള്ള പ്രമുഖ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക. 12½

Q.4(b) 'ഭാഷാകൗടലീയ'ത്തിലെ ഗദ്യം മാനകീകരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഭാഷയുടെ ആദ്യഘട്ടത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന അഭിപ്രായം സ്വീകാര്യമാണോ ? 12½

Q.4(c) മണിപ്രവാള ഭാഷയുടെ ഏറ്റവും മികച്ച മാതൃകയായി കാണാൻ കഴിയുക ഉണ്ണുനീലി സന്ദേശത്തെയാണ് - ശരിയോ ? 12½

Q.4(d) 'വർത്തമാനപുസ്തകം' മലയാള ഗദ്യഭാഷയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചു - ചർച്ച ചെയ്യുക. 12½

Q.5. ഓരോ ചോദ്യത്തിനും 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :— 10×5=50

Q.5(a) സംക്ഷേപണ കലയുടെ മഹത്തായ വിജയമാണ് കണ്ണശ്ശരാമായണത്തെ അവിസ്മരണീയമാക്കുന്നതു - ഉദാഹരണങ്ങൾ നല്കി സമർത്ഥിക്കുക. 10

Q.5(b) മദ്ധ്യകാല ചമ്പുക്കളുടെ സാഹിത്യപരമായ മികവ് പരിശോധിക്കുക. 10

Q.5(c) മലയാളകവിതയുടെ മാധുര്യവും പദസൗന്ദര്യവും നിറഞ്ഞൊഴുകുന്നതാണ് ചങ്ങമ്പുഴയുടെ കവിതകൾ - നിരൂപിക്കുക. 10

Q.5(d) മലയാളനോവൽ സാഹിത്യചരിത്രത്തിൽ സി.വി. രാമൻപിള്ളയുടെ ചരിത്രനോവലുകൾക്കുള്ള സ്ഥാനം അടയാളപ്പെടുത്തുക. 10

Q.5(e) കാവ്യാത്മക വർണ്ണനകളും നൈസർഗ്ഗികമായ നർമ്മബോധവുമാണ് എസ്.കെ. പൊറ്റെക്കാട്ടിന്റെ യാത്രാവിവരണങ്ങളെ വ്യത്യസ്തമാക്കുന്നത്. - ചർച്ച ചെയ്യുക.10

Q.6(a) 'കൃഷ്ണഗാഥ'യ്ക്ക് കുടിൽതൊട്ട് കൊട്ടാരം വരെ പ്രചാരം ലഭിക്കാൻ സഹായകമായിത്തീർന്ന ഘടകങ്ങൾ എന്തെല്ലാം ? 12½

Q.6(b) വെണ്മണിക്കവികൾക്ക് മലയാള കവിതാ ചരിത്രത്തിലുള്ള സ്ഥാനമെന്ത് ? 12½

Q.6(c) മലയാള കവിതയിൽ ദൃശ്യമാകുന്ന ആധുനിക പ്രവണതകളെപ്പറ്റി പ്രതിപാദിക്കുക. 12½

Q.6(d) സി.എൻ. ശ്രീകണ്ഠൻ നായരുടെ രാമായണ കഥാധിഷ്ഠിത നാടകങ്ങളെ പരിചയപ്പെടുത്തുക. 12½

Q.7(a) 'ഗണികാവർണ്ണനപരമായ കാവ്യങ്ങളുടെ ഉത്സവമേളയിൽ ഉണ്ടായ ഒടുക്കത്തെ കൂട്ടവെടിയാണ് ചന്ദ്രോത്സവം' - ഈ നിരൂപകാഭിപ്രായം ചർച്ച ചെയ്യുക. 12½

Q.7(b) നാടകീയമായ അവതരണമാണ് വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളെ ശ്രദ്ധേയമാക്കുന്നത് എന്ന പ്രസ്താവം പരിശോധിക്കുക. 12½

Q.7(c) മലയാള നോവൽ സാഹിത്യ ചരിത്രത്തെ 'ഖസാക്കിന്റെ ഇതിഹാസ'ത്തിനു മുമ്പും പിമ്പും എന്നു വേർതിരിക്കുന്നതിന്റെ യുക്തി എന്ത് ? 12½

Q.7(d) മാരാരുടെയും മുണ്ടശ്ശേരിയുടെയും നിരൂപണരീതി താരതമ്യം ചെയ്യുക. 12½

Q.8(a) സാമൂഹിക ജീവിതത്തിന്റെ നേർക്കു തിരിച്ചുപിടിച്ച കണ്ണാടിയായി നാടൻ പാട്ടുകളെ വിശേഷിപ്പിക്കുന്നതിന്റെ പൊരുളെന്ത് ? 12½

Q.8(b) എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ പിൽക്കാല കവികളെ ഏതെല്ലാം തരത്തിൽ സ്വാധീനിച്ചിട്ടുണ്ട് - ചർച്ച ചെയ്യുക. 12½

Q.8(c) കാല്പനികതയുടെ ഏതെല്ലാം ഘടകങ്ങളാണ് പി. കുഞ്ഞിരാമൻ നായരുടെ കവിതയിൽ കാണുന്നത് ? 12½

Q.8(d) കാരൂർ, പൊൻകുന്നം വർക്കി, ലളിതാംബിക അന്തർജ്ജനം എന്നിവരുടെ കഥകളെ മുൻനിർത്തി നവോത്ഥാനകാല ചെറുകഥകളുടെ സ്വഭാവം വ്യക്തമാക്കുക. 12½